പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 787 — 29/10/2019 ൽ മറുപടിക്ക്

## മലബാർ ദേവസ്വം ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | മറുപടി<br>കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും ഇത് എന്നത്തേക്ക് നടപ്പിലാകുമെന്നും അറിയിക്കുമോ; | (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത ജീവനക്കാർക്ക് 2000/- രൂപ നിരക്കിൽ **01/06/2019** മുതൽ പ്രാബല്യത്തിൽ ഇടക്കാല ആശ്വാസം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായി എത്ര തുക ചെലവ് വരുമെന്ന് അറിയിക്കുമോ; ഇത്രയും തുക ബോർഡിൽ നിന്ന് കണ്ടെത്താനാവുമോ; സർക്കാരിൽ നിന്ന് ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | മലബാർ ദേവസ്വം ബോർഡിന് 25 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടാകുമെന്നും മലബാർ ദേവസ്വം ബോർഡിന് സർക്കാർ ഗ്രാന്റ് അല്ലാതെ മറ്റ് വരുമാന മാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ ശമ്പള പരിഷ്കരണ ശുപാർശ നടപ്പിലാക്കുമ്പോൾ പ്രതിവർഷം 60 കോടി രൂപ സർക്കാർ ഗ്രാന്റായി അനുവദിക്കേണ്ടിവരുമെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| (സി) | മലബാർ ദേവസ്വം ബോർഡിനു കീഴിലെ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നടപടി സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ